REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 14-02-2025 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി വൈറ്റ് ഹൗസിൽ US പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി കൂടിക്കാഴ്ച നടത്തി.
- അമൃത് പദ്ധതിയിൽ കേരളത്തിന് കേന്ദ്രം 124 കോടിയിൽപ്പരം രൂപ അനുവദിച്ചു.
- കോഴിക്കോട് കൊയിലാണ്ടിയിൽ ക്ഷേത്രോത്സവത്തിനിടെ ആനയിടഞ്ഞു.
- തിക്കിലും തിരക്കിലും മൂന്ന് മരണം.
- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനാതിർത്തി പ്രദേശങ്ങളിൽ ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്തും.
- ഡിജിറ്റൽ സർവെ മൂന്നാം ഘട്ടത്തിന് സംസ്ഥാനത്ത് ഇന്ന് തുടക്കം.
- വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റ് മൂന്നാം സീസൺ ഇന്ന് വഡോദരയിൽ ആരംഭിക്കും.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്ര മോദി വാഷിംഗ്ടൺ ഡിസിയിലെ വൈറ്റ് ഹൗസിൽ US പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി ഉഭയകക്ഷി ചർച്ച നടത്തി.**

ട്രംപുമായി ചേർന്ന് ഇന്ത്യ-US തന്ത്രപരമായ പങ്കാളിത്തം മുന്നോട്ട് കൊണ്ടുപോകുന്നത് തുടരുമെന്ന് മോദി പ്രസ്താവനയിൽ പറഞ്ഞു.

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)...**

**ഇന്ത്യ- US ബന്ധം ശക്തിപ്പെടുത്തി സമഗ്രമാക്കുന്നതിന് ട്രംപ് സംഭാവന നൽകിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. US പ്രസിഡന്റ് തെരഞ്ഞെടുപ്പിലെ ചരിത്ര വിജയത്തിൽ ട്രംപിനെ മോദി അഭിനന്ദിച്ചു. കഴിഞ്ഞ വർഷം ഇന്ത്യയിലെ ജനങ്ങൾ തുടർച്ചയായി മൂന്നാം തവണയും അവരെ സേവിക്കാൻ അവസരം നൽകിയെന്നും അദ്ദേഹം പറഞ്ഞു. ഇരു രാജ്യങ്ങളുടെയും പുരോഗതിയിലേക്കും സമൃദ്ധിയിലേക്കും ഇരുവരും ഒരുമിച്ച് മുന്നേറുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇത് യുദ്ധകാലമല്ലെന്നും നയതന്ത്രത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.**

**സമാധാനം പുനഃസ്ഥാപിക്കാൻ പ്രസിഡന്റ് ട്രംപ് മുൻകൈ എടുത്തതിൽ മോദി സന്തോഷം പ്രകടിപ്പിച്ചു. ഈ വിഷയത്തിൽ ഇന്ത്യ നിഷ്പക്ഷ രാജ്യമാണെന്നാണ് ലോകം കരുതുന്നതെന്നും എന്നാൽ ഇന്ത്യ നിഷ്പക്ഷമല്ല, സമാധാനത്തിന്റെ പക്ഷത്താണെന്നും പ്രധാനമന്ത്രി പറഞ്ഞു.**

**മോദി തന്റെ ദീർഘകാല സുഹൃത്താണെന്നും മികച്ച നേതാവാണെന്നും ഡൊണാൾഡ് ട്രംപ് പറഞ്ഞു. യുഎസിൽ നിന്ന് ഇന്ത്യ എണ്ണയും വാതകവും വാങ്ങുമെന്നും അദ്ദേഹം അദ്ദേഹം അറിയിച്ചു.**

✪✪✪

**മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തി. മുഖ്യമന്ത്രി N ബിരേൻ സിംഗ് രാജിവെച്ച് ദിവസങ്ങൾക്ക് ശേഷമാണ് സംസ്ഥാനത്ത് രാഷ്ട്രപതിഭരണം ഏർപ്പെടുത്തുന്നത്. ഇത് സംബന്ധിച്ച് രാഷ്ട്രപതി വിജ്ഞാപനം പുറപ്പെടുവിച്ചു.**

✪✪✪

**അമൃത് പദ്ധതിയിൽ കേരളത്തിന് 124 കോടി 25 ലക്ഷം രൂപ കൂടി കേന്ദ്രം നൽകിയതായി മന്ത്രി MB രാജേഷ് അറിയിച്ചു. മൂലധന നിക്ഷേപത്തിന് പ്രത്യേക പ്രോത്സാഹനമായാണ് തുക അനുവദിച്ചതെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.**

**കേരളത്തിന് പുറമേ ഉത്തർപ്രദേശ്, അസം, ഹിമാചൽ പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾക്കാണ് തുക അനുവദിച്ചത്. അമൃത് 1, 2 പദ്ധതികളിലായി കേരളം നടത്തിയ ശ്രദ്ധേയമായ ഇടപെടലുകൾക്കു**

അംഗീകാരമാണ് ഇതെന്ന് മന്ത്രി പറഞ്ഞു. രാജ്യത്ത് തന്നെ ഏറ്റവും മികച്ച പ്രവർത്തനം നടത്താനായി. മികച്ച ഇടപെടൽ നടത്തിയ എല്ലാ നഗരസഭകളെയും മന്ത്രി അഭിനന്ദിച്ചു. മാസ്റ്റർ പ്ലാൻ റോഡുകളുടെ വികസനം, ഭവന പദ്ധതികളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കൽ, പാർക്കിംഗ് സൌകര്യം, നഗര പ്രാന്ത പ്രദേശങ്ങളുടെ വികസനം, G.I.S ഉൾപ്പെടെ സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെ പരിഷ്കരണങ്ങൾ, നഗരങ്ങളുടെ പുനർനിർമ്മാണം തുടങ്ങി വിവിധ പദ്ധതികൾ ഈ തുക ഉപയോഗിച്ച് നടപ്പിലാക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

കോഴിക്കോട് കൊയിലാണ്ടി കുറുവങ്ങാട് മണക്കുളങ്ങര ക്ഷേത്രത്തിൽ ഉത്സവത്തിനിടെ ആനയിടഞ്ഞ് തിക്കിലും തിരക്കിലും പെട്ട് മൂന്ന് പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു.

കുറുവങ്ങാട് സ്വദേശികളായ ലീല, അമ്മുക്കുട്ടി, രാജൻ എന്നിവരാണ് മരിച്ചത്. ഇടഞ്ഞ ആന മറ്റൊരാനയെ കുത്തി, തുടർന്ന് രണ്ടാനകളും വിരണ്ടോടുകയായിരുന്നു. ആനകളെ പിന്നീട് തളച്ചു.

ഒരു കുട്ടി ഉൾപ്പടെ സാരമായി പരിക്കേറ്റ 12 പേരെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

മണക്കുളങ്ങര ഭഗവതി ക്ഷേത്രോത്സവത്തിന്റെ അവസാന ദിവസമായ ഇന്നലെ, വൈകിട്ട് ആറ് മണിയോടെയായിരുന്നു സംഭവം. ആനയിടഞ്ഞതോടെ ആളുകൾ ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. ഇതിനിടയിൽപെട്ടാണ് കൂടുതൽപ്പേർക്കും പരിക്കേറ്റത്. ക്ഷേത്രത്തിനോട് ചേർന്ന കെട്ടിട ഭാഗങ്ങളും ആന തകർത്തു.

✪✪✪

ദുരന്തത്തിൽ മരിച്ചവരോട് ആദരസൂചകമായി കൊയിലാണ്ടി നഗരസഭയിലെ ഒൻപത് വാർഡുകളിൽ ഇന്ന് ഹർത്താൽ ആചരിക്കുകയാണ്.

✪✪✪

കൊയിലാണ്ടിയിൽ ഉത്സവത്തിനിടെ ആനകൾ ഇടഞ്ഞതിനെ തുടർന്നുണ്ടായ തിക്കിലും തിരക്കിലും പെട്ട് മൂന്നു പേർ മരിച്ച സംഭവത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

✪✪✪

ആന ഇടഞ്ഞ സംഭവത്തിൽ അടിയന്തിര റിപ്പോർട്ട് നൽകാൻ ജില്ലാ കലക്ടറോടും ഉത്തരമേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോടും മന്ത്രി A.K ശശീന്ദ്രൻ ആവശ്യപ്പെട്ടു. സംഭവത്തിൽ നാട്ടാന പരിപാലന ചട്ടത്തിന്റെ ലംഘനം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുമെന്നും മന്ത്രി അറിയിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ആനയിടഞ്ഞ് ഉണ്ടായ അപകടത്തിൽ പരിക്കേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കാൻ മന്ത്രി വീണാ ജോർജ് ആരോഗ്യ വകുപ്പ് ഡയറക്ടർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കും നിർദേശം നൽകി. വിദഗ്ധ ഡോക്ടർമാരും നഴ്സുമാരും മറ്റ് ജീവനക്കാരും ആവശ്യത്തിന് ഉണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും മന്ത്രി നിർദേശിച്ചു.

✪✪✪

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനാതിർത്തി പ്രദേശങ്ങളിൽ ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്താൻ വനം വകുപ്പ് നടപടി സ്വീകരിക്കും. ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് G. കൃഷ്ണന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന ഉദ്യോഗതല യോഗമാണ് ഇതു സംബന്ധിച്ച തീരുമാനമെടുത്തത്.

ന്യൂഡ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)...

മനുഷ്യ വന്യജീവി സംഘർഷം വർദ്ധിച്ച ഹോട്ട്സ്പോട്ടുകളിലാണ് പ്രധാനമായും ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്തുക. സംസ്ഥാനത്തെ എല്ലാ ഡിവിഷനുകളിലെയും ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കുന്നതിന് കൂടുതൽ കാമറകൾ വാങ്ങുന്നതിനു നടപടിക്രമങ്ങൾ ആരംഭിച്ചതായും പ്രമോദ് ജി കൃഷ്ണൻപറഞ്ഞു.

തദ്ദേശ ഗോത്ര വിഭാഗങ്ങളുടെ കാടറിവിനെ ഉപയോഗപ്പെടുത്താൻ മന്ത്രി A.K ശശീന്ദ്രന്റെ അധ്യക്ഷതയിൽ ആദിവാസി വിഭാഗങ്ങളുമായി ചർച്ച സംഘടിപ്പിക്കും. 36 ഗോത്രസമൂഹങ്ങളെ ഇതിന്റെ ഭാഗമാക്കും.

ആദ്യ യോഗം അടുത്തമാസം ഒന്നിന് വയനാട് കുറുവ ദ്വീപിൽ സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു.

കുരങ്ങുകളുടെ വംശ വർധന തടയുന്നതിനു നടപടികൾക്കായി അവയെ ഷെഡ്യൂൾ ഒന്നിൽ നിന്നും ഷെഡ്യൂൾ രണ്ടിലേക്ക് മാറ്റുന്നതിനു ശുപാർശ നൽകിയിട്ടുണ്ട്.

കാട്ടുപന്നിയുടെ ശല്യം നിയന്ത്രിക്കുന്നതിന് പഞ്ചായത്തുകൾക്ക് എംപാനൽ ചെയ്ത ഷൂട്ടേഴ്സിന്റെ സേവനം നൽകുമെന്നും വൈൽഡ് ലൈഫ് വാർഡൻ പറഞ്ഞു.

✪✪✪

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യത്തോടെ സംസ്ഥാന ഗവൺമെന്റ് ആരംഭിച്ച ഡിജിറ്റൽ സർവെ മൂന്നാംഘട്ടത്തിന് ഇന്ന് തുടക്കം. സംസ്ഥാനതല ഉദ്ഘാടനം രാവിലെ കൊല്ലം ചിറക്കരയിൽ മന്ത്രി K. രാജൻ നിർവഹിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി നീരജ് ലാൽ.

....(വോയ്സ്) .......

കേരളത്തെ കൃത്യതയോടെ ശാസ്ത്രീയമായി അളക്കുന്നതിനും, ഭാവി കേരളത്തിന്റെ വികസന ആവശ്യങ്ങൾക്കായി ഭൂവിവരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുമായി ആരംഭിച്ച ഡിജിറ്റൽ റീ സർവെ പ്രവർത്തനങ്ങളിൽ ഗണ്യമായ പുരോഗതിയാണ് ഇതിനകം കൈവരിച്ചത്. രണ്ട് ഘട്ടം പൂർത്തിയായ ഡിജിറ്റൽ റീ സർവെയിൽ ഇതുവരെ ആറ് ലക്ഷം ഹെക്ടർ ഭൂമിയലധികം അളന്നു കഴിഞ്ഞു. ഒന്നാം ഘട്ടത്തിൽ സർവെ ആരംഭിച്ച 200 വില്ലേജുകളിലെയും, രണ്ടാം ഘട്ടത്തിൽ സർവെ ആരംഭിച്ച 203 വില്ലേജുകളിൽ 47 വില്ലേജുകളിലും സർവെ, പൂർത്തീകരിച്ച്, സർവെ അതിരടയാളനിയമത്തിലെ 9 (2) പ്രഖ്യാപനം പ്രസിദ്ധീകരിച്ചു. റവന്യൂ, സർവെ രജിസ്ട്രേഷൻ വകുപ്പുകൾ നൽകുന്ന ഭൂസേവനങ്ങൾ സംയോജിപ്പിച്ച് സംസ്ഥാനത്ത് നടപ്പാക്കുന്ന എന്റെ ഭൂമി സംയോജിത പോർട്ടൽ രാജ്യത്തിന് തന്നെ മാതൃകയാണ്.

✪✪✪

പ്രശസ്ത മെഡിക്കൽ ബയോകെമിസ്ട്രി ശാസ്ത്രജ്ഞനും മുൻ നോബേൽ സമ്മാന ജ്യൂറിയുമായ ചെങ്ങന്നൂർ ഇടവൂർ മഠത്തിൽ

ഡോ.മാധവഭട്ടതിരി തിരുവനന്തപുരം പൈപ്പിൻമൂടിൽ അന്തരിച്ചു. അദ്ദേഹത്തിന് 98 വയസ്സായിരുന്നു. സംസ്കാരം ഇന്ന് ശാന്തി കവാടത്തിൽ.

✪✪✪

38-ാമത് ദേശീയ ഗെയിംസിന് കൊടിയിറങ്ങി. ഡൽഹി സ്വർണമണിഞ്ഞ ഫ്രീസ്റ്റൈൽ ഗുസ്തിയോടെയാണ് 17 ദിനരാത്രങ്ങൾ ഡെറാഡൂണിലും ഖൽദ്വാനിയിലും തെഹ്രിയിലുമായി നടന്ന ദേശീയ ഗെയിംസ് സമാപിച്ചത്.

ഇന്ന് ഹൽദ്വാനി ഗൊലാപറിലെ ഇന്ദിരാഗാന്ധി രാജ്യാന്തര സ്റ്റേഡിയത്തിൽ നടക്കുന്ന സമാപന ചടങ്ങിൽ ആഭ്യന്തരമന്ത്രി അമിത് ഷാ മുഖ്യാതിഥിയായി പങ്കെടുക്കും. കേന്ദ്ര കായികമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യയും, ഉത്തരാഖണ്ഡ്, മേഘാലയ മുഖ്യമന്ത്രിമാരും സംബന്ധിക്കും. ഉച്ചകഴിഞ്ഞ് രണ്ടിനാണ് സമാപന ചടങ്ങ്.

നിരാശയോടെയാണ് കേരളം ദേശീയ ഗെയിംസിൽ നിന്ന് മടങ്ങുന്നത്. കഴിഞ്ഞ ഗോവ ദേശീയ ഗെയിംസിൽ 36 സ്വർണമുൾപ്പെടെ 87 മെഡലുകളുമായി അഞ്ചാം സ്ഥാനത്ത് ഫിനിഷ് ചെയ്ത കേരളം, ഇത്തവണ 13 സ്വർണവും 17 വെള്ളിയും 24 വെങ്കലവുമുൾപ്പെടെ 54 മെഡലുമായി 14-ാം സ്ഥാനത്താണ്.

2027ൽ 39-ാം ദേശീയ ഗെയിംസിന് മേഘാലയ വേദിയാകും.

✪✪✪

49-ാം സീനിയർ നാഷണൽ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം പിരപ്പൻകോട് ഇന്റർനാഷണൽ അക്വാട്ടിക് കോംപ്ലക്സിൽ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ ആയിരത്തോളം താരങ്ങൾ പങ്കെടുക്കും. ശരീരത്തിന്റെയും മനസ്സിന്റെയും സന്തുലിതവും ആരോഗ്യകരവുമായ ഒത്തുചേരലാണ് യോഗ സാധ്യമാക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. പത്തുവർഷം കൊണ്ട് സമ്പൂർണ കായിക സാക്ഷരത കൈവരിച്ച ആദ്യ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

യോഗ ഫെഡറേഷൻ ഓഫ് ഇന്ത്യ, യോഗ അസോസിയേഷൻ ഓഫ് കേരള, കേരള സ്പോർട്സ് കൗൺസിൽ എന്നിവ സംയുക്തമായാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്.

✪✪✪

വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റ് മൂന്നാം സീസൺ ഇന്ന് വഡോദരയിൽ ആരംഭിക്കും. ഉദ്ഘാടന മത്സരത്തിൽ വൈകീട്ട് 7.30 ന് നിലവിൽ ചാമ്പ്യൻമാരായ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു-ഗുജറാത്ത് ജയന്റ്സിനെ നേരിടും.

അഞ്ച് ടീമുകൾ നാലു വേദികളിലായാണ് മത്സരിക്കുന്നത്. മുംബൈ ഇന്ത്യൻസ് , UP വാരിയേഴ്സ്, ഡൽഹി ക്യാപിറ്റൽസ് എന്നിവയാണ് മറ്റു ടീമുകൾ.

വഡോദരയ്ക്കു പുറമെ ലക്നൗ, മുംബൈ, ബംഗളൂരു എന്നിവയാണ് മറ്റു വേദികൾ.

✪✪✪

ISL ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ജംഷഡ്പൂർ FC യെ പരാജയപ്പെടുത്തി. ജംഷഡ്പൂരിൽ എതിരില്ലാത്ത രണ്ട് ഗോളിനാണ് നോർത്ത് ഈസ്റ്റ് യുണൈറ്റഡിന്റെ ജയം.

ഇന്ന് ഒഡീഷ ഹൈദരാബാദിനെ നേരിടും. വൈകീട്ട് 7.30ന് ഭുവനേശ്വറിലാണ് മത്സരം.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ മാലിന്യമുക്ത നവകേരള ജനകീയ ക്യാമ്പയിനിൽ മാതൃകയാവുകയാണ് കാസർകോട് ജില്ല. പരിസ്ഥിതി സംരക്ഷണത്തിനും ശുചിത്വ- സൗഹൃദ വികസനത്തിനുമായി സംഘടിപ്പിച്ച ഹരിത പ്രഖ്യാപനങ്ങൾ ജില്ലയെ മാറ്റങ്ങളിലേക്ക് നയിക്കുകയാണ്.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാപ്രതിനിധി P ജഗന്നിവാസൻ.

.....(വോയ്സ്).....

2,400 ഹരിതസ്ഥാപനങ്ങൾ, 12024 ഹരിത അയൽക്കൂട്ടങ്ങൾ, ജൈവ മാലിന്യ സംസ്കരണ നിലയങ്ങൾ ഹരിത കലാലയങ്ങൾ, ഹരിത ടൂറിസം തുടങ്ങിയവ യാഥാർത്ഥ്യമാകുമ്പോൾ കാസർകോട് ഹരിതകേരളത്തിന്റെ നട്ടെല്ലായി മാറുകയാണ്. ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപിതമായ പ്രവർത്തനഫലമായി 2,400 ഹരിത

**സൗഹൃദ സ്ഥാപനങ്ങൾ, 636 ഹരിത വിദ്യാലയങ്ങൾ, 64 കലാലയങ്ങൾ, 21 ഹരിത ടൗണുകൾ, 88 വൃത്തിയുള്ള പൊതുസ്ഥലങ്ങൾ എന്നിവ ഇതിനകം പ്രഖ്യാപിച്ചുകഴിഞ്ഞു.**

**ഹരിതസ്ഥാപനങ്ങളുടെ എണ്ണത്തിൽ പരപ്പ, കാസർകോട്, നീലേശ്വരം, മഞ്ചേശ്വരം എന്നീ ബ്ലോക്കുകളാണ് മുന്നിലുള്ളത്.**

✪✪✪

**ഭിന്നശേഷിക്കാർക്ക് വീടു നിർമ്മിക്കുന്നതിനും വാങ്ങുന്നതിനും സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന നൽകുന്ന 'മെറി ഹോം' ഭവന വായ്പയുടെ പലിശ ഏഴു ശതമാനമാക്കി കുറച്ചതായി മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. 50 ലക്ഷം രൂപ വരെ വായ്പക്കാണ് പലിശ ഏഴു ശതമാനമാക്കി കുറച്ചത്.**

✪✪✪

---

*News Reader: ഹക്കീം കൂട്ടായി*
*News Team: സയ്യിദ് അലി ശിഹാബ്, ശരണ്യ രാജൻ*
*DEO: ഷീബ*